# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2342** | **12.02.2020** - ൽ മറുപടി നൽകേണ്ടിയിരുന്നത് |
|---|---|

## ജി.എസ്.റ്റി.

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. എം. വിൻസെന്റ്<br>ശ്രീമതി. ഷാനിമോൾ ഉസ്മാൻ<br>ശ്രീ. വി.എസ്. ശിവകുമാർ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | സംസ്ഥാനത്ത് നിലനിന്നിരുന്ന പരോക്ഷനികുതികൾ ഇല്ലാതാക്കി ജി.എസ്.റ്റി.യിലേയ്ക്ക് മാറുമ്പോൾ, നിലനിന്നിരുന്ന നികുതിനിരക്കിനേക്കാൾ കുറഞ്ഞ തോതിലായിരിക്കും ജി.എസ്.റ്റി. എന്നും അതുവഴി സാധനങ്ങളുടെ വില താഴുമെന്നും ആയത് ഉപഭോക്താക്കൾക്ക് അനുഗ്രഹമാകുമെന്നും പ്രഖ്യാപിച്ചിരുന്നോ; | (എ) | ചരക്കുസേവന നികുതിയിൽ സെൻട്രൽ എക്സൈസ് നികുതി, സർവ്വീസ് ടാക്സ്, മൂല്യവർദ്ധിത നികുതി, കേന്ദ്ര വിൽപന നികുതി എന്നിവ അന്തർഗണിപ്പിച്ച് ഏകീകൃത നികുതി നിരക്ക് നിശ്ചയിച്ചപ്പോൾ പല ചരക്കുകൾക്കും നേരത്തെ ഉണ്ടായിരുന്നതിനേക്കാൾ കുറഞ്ഞ നികുതി നിരക്ക് ആണ് ഉള്ളത്. |
| (ബി) | പ്രസ്തുത പ്രഖ്യാപനം യാഥാർത്ഥ്യമായോ എന്ന് ജി.എസ്.റ്റി. നടപ്പിലാക്കി രണ്ടരവർഷം കഴിയുന്ന വേളയിൽ വിലയിരുത്തിയിട്ടുണ്ടോ; | (ബി) | വിലയിരുത്തിയിട്ടുണ്ട്. ചരക്കുസേവന നികുതി നിയമം നിലവിൽ വന്നപ്പോൾ വില കുറഞ്ഞ ഏതാനും ചില ചരക്കുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | ഭക്ഷ്യധാന്യങ്ങളുടെ വില ഉയർന്ന സാഹചര്യത്തിൽ ഇനിയും ജി.എസ്.റ്റി. നിരക്ക് ഉയർത്തിയാൽ അതു കൂടുതൽ വിലക്കയറ്റത്തിനിടയാക്കുന്ന സാഹചര്യം ഉണ്ടാക്കുമോ; | (സി) | ജി.എസ്.ടി നടപ്പിലാക്കിയതിനുശേഷം നികുതി നിരക്ക് വർദ്ധിച്ചിട്ടില്ല. പക്ഷേ ചരക്കുകളുടെ അടിസ്ഥാനവിലയുടെ വർദ്ധനവാണ് വിലക്കയറ്റത്തിന് കാരണമായിട്ടുള്ളത്. ജി.എസ്.ടി നിയമം നടപ്പിലായപ്പോൾ നികുതിയിലുണ്ടായ കുറവിനോടനുബന്ധിച്ച വിലക്കുറവ് ഉപഭോക്താക്കൾക്ക് കൈമാറ്റം ചെയ്യാത്ത സാഹചര്യത്തിൽ നടപടി സ്വീകരിക്കുന്നതിന് ആന്റിപ്രോഫിറ്ററിങ് നിയമം നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്തിന്റെ വരുമാനം കുറയുന്നതിനുള്ള ഒരു പ്രധാന കാരണം സാമ്പത്തിക മാന്ദ്യത ആണെന്നിരിക്കേ അതിനെ കൂടുതൽ വഷളാക്കുന്ന സ്ഥിതി വിശേഷമാണോ ഇപ്പോൾ നിലവിലുള്ളത്; വിശദമാക്കാമോ? | (ഡി) | ജി.എസ്.ടി. നിരക്കുകൾ നിശ്ചയിക്കുന്നത് ജി.എസ്.ടി. കൗൺസിൽ ആണ്. സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിൽ ഒറ്റയ്ക്ക് തീരുമാനമെടുക്കാൻ കഴിയില്ല. സംസ്ഥാനത്തിന്റെ വരുമാനം കുറയുന്നതിന് പ്രധാന കാരണങ്ങൾ ജി.എസ്.ടി. സമ്പ്രദായം പൂർണ്ണമായും സമഗ്രമായും നടപ്പിലാക്കാൻ ഇനിയും കഴിയാത്തതും അതോടൊപ്പം മാന്ദ്യം നികുതിപിരിവിൽ വരുത്തിയ കുറവുമാണ്. ഇത് പരിഹരിക്കുന്നതിനായി വ്യവസ്ഥ ചെയ്തിട്ടുള്ള കോമ്പൻസേഷൻ യഥാസമയം നൽകുന്നതിന് കേന്ദ്ര സർക്കാർ തയ്യാറാകുന്നുമില്ല. |

(signature)

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| Sl. No. | Description of Goods |
|---|---|
| **Food & Beverage** | |
| 1 | Milk powder |
| 2 | Curd, Lassi, Butter milk put up in unit container |
| 3 | Unbranded Natural Honey |
| 4 | Ultra High Temperature (UHT) Milk |
| 5 | Dairy spreads |
| 6 | Cheese |
| 7 | Cashew nut |
| 8 | Raisin |
| 9 | Spices |
| 10 | Tea |
| 11 | Wheat |
| 12 | Rice |
| 13 | Flour |
| 14 | Soyabean oil |
| 15 | Groundnut oil |
| 16 | Palm oil |
| 17 | Sunflower oil |
| 18 | Coconut oil |
| 19 | Mustard Oil |
| 20 | Sunflower oil |
| 21 | Other vegetable edible oils |
| 22 | Sugar |
| 23 | Palmyra jaggery |
| 24 | Sugar confectionery |
| 25 | Pasta, spaghetti, macaroni, noodles |
| 26 | Fruit and vegetable items and other food products |

| | |
|---|---|
| 27 | Pickle, Murabba, Chutney |
| 28 | Sweetmeats |
| 29 | Ketchup & Sauces |
| 30 | Mustard Sauce |
| 31 | Toppings, spreads and sauces |
| 32 | Instant Food Mixes |
| 33 | Other pulses bari (mungodi) |
| 34 | Mineral water |
| 35 | Ice and snow |
| **Infrastructure / fuel** | |
| 36 | Cement |
| 37 | Coal |
| 38 | Kerosene PDS |
| 39 | LPG Domestic |
| 40 | Fly ash bricks and fly ash blocks |
| **Medical and health** | |
| 41 | Insulin |
| 42 | X ray films for medical use |
| 43 | Diagnostic kits and reagents |
| 44 | Glasses for corrective spectacles and flint buttons |
| 45 | Spectacles Lenses |
| 46 | Intraocular lens |
| 47 | Spectacles, corrective |
| 48 | Medical furniture |
| **Household goods of daily use** | |
| 49 | Agarbatti |
| 50 | Tooth powder |
| 51 | Hair oil |
| 52 | Toothpaste |
| 53 | Kajal [other than kajal pencil sticks] |
| 54 | Soap |
| 55 | LPG Stove |

| | |
|---|---|
| 56 | Aluminium foils |
| 57 | Spoons, forks, ladles, skimmers, cake servers, fish knives, tongs |
| 58 | Sewing Machine |
| 59 | Kerosene pressure lantern |
| 60 | LED |
| 61 | Sports goods other than articles and equipments for general physical exercise |
| 62 | Phul-jahroo |
| 63 | Bamboo furniture |
| **Educational** | |
| 64 | School Bag |
| 65 | Exercise books and note books |
| 66 | Childrens' picture, drawing or colouring books |
| 67 | Staplers |
| 68 | Printers [other than multifunction printers] |
| **Clothing and Footwear** | |
| 69 | Silk fabrics |
| 70 | Woollen fabrics |
| 71 | Cotton fabrics not containing any other textile material |
| 72 | Other Vegetable yarn fabrics |
| 73 | Manmade filament/fibre fabrics |
| 74 | Readymade garments and made up articles of textiles of sale value not exceeding ₹1000 per piece |
| 75 | Readymade garments and made up articles of textiles of sale value exceeding ₹1000 per piece |
| 76 | Footwear of RSP upto ₹500 per pair |
| 77 | Other footwear |
| **Safety / security gadgets** | |
| 78 | Helmet |

| | |
|---|---|
| 79 | Headgear and parts thereof |
| 80 | Recorder |
| 81 | CCTV |
| **Agricultural equipment** | |
| 82 | Fixed Speed Diesel Engines of power not exceeding 15HP |
| 83 | Tractor rear tyres and tractor rear tyre tubes |
| 84 | Weighing Machinery (other than elctric and electronic) |
| **Assistive devices for the differently abled** | |
| 85 | Car for Physically handicapped person |
| 86 | Braille Watches |
| **Miscellaneous** | |
| 87 | Kites |
| 88 | Plastic Tarpaulin |
| 89 | Baby carriages |

സെക്ഷൻ ഓഫീസർ